കേരള സർക്കാർ

നം. 67132/എബി1/14/തസ്വഭവ. തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്,

തിരുവനന്തപുരം: തീയതി: 21/02/2015

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തപാലുകൾ കൈമാറുന്നതിലെ അപാകതകൾ/കാലതാമസം - സംബന്ധിച്ച്

.......

ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ വച്ച് നടത്തിയ ചർച്ചയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ വരുന്ന തപാലുകൾ ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനിൽ ചെന്നെത്താത്തു മൂലം പ്രസ്തുത തപാലിന്മേൽ നടപടി സ്വീകരിക്കാൻ കാലതാമസം വരുന്നതായി നിരീക്ഷണം നടത്തിയിട്ടുണ്ട്. ആയതിനാൽ ടി വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകളും ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) ഒരു സെക്ഷനിൽ ലഭിക്കുന്ന തപാലിൽ (ഓഫീസ് സെക്ഷനിൽ നിന്നും നേരിട്ടോ അല്ലെങ്കിൽ ഏതെങ്കിലും വകുപ്പുകളിൽ നിന്നും കൈമാറി വരുന്നതോ ആയ തപാലിൽ) പ്രതിപാദിക്കുന്ന വിഷയം ആ വകുപ്പുമായി ബന്ധപ്പെട്ടതല്ലെങ്കിൽ വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനിലേക്ക് തപാൽ അടിയന്തിരമായി കൈമാറേണ്ടതാണ്.
2) ഒന്നിലധികം സെക്ഷനുമായി ബന്ധപ്പെട്ട തപാൽ തപാലിൽ പ്രതിപാദിക്കുന്ന കൂടുതൽ വസ്തുത കൈകാര്യം ചെയ്യുന്ന സെക്ഷനിലേക്ക് കൈമാറേണ്ടതാണ്.
3) തപാലുകൾ കൈമാറുമ്പോൾ പ്രസ്തുത തപാൽ കൈമാറുന്നതിന്റെ വ്യക്തമായ കാരണവും ബന്ധപ്പെട്ട കുറിപ്പിൽ വ്യക്തമാക്കേണ്ടതാണ്.
4) സെക്രട്ടേറിയറ്റ് ആഫീസ് മാന്വലിലെ ചട്ടങ്ങൾക്കനുസൃതമായി തന്നെ തപാലുകൾ കൈമാറേണ്ടതാണ്.

സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ